നം. ഇ6 - 1729/12

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 24.07.2012.

സാമൂഹ്യക്ഷേമ ഡയറക്ടർ.

ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ,

സർ,

വിഷയം:- സാമൂഹ്യക്ഷേമ വകുപ്പ് - ജീവനക്കാര്യം - പാർട്ട് - ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നത് - സംബന്ധിച്ച്:

സൂചന :- സർക്കാരിന്റെ 25.11.05 ലെ G.O(P) No.501/05/ഫിൻ നം. ഉത്തരവ്.

താങ്കളുടെ ജില്ലയിൽ പ്രവർത്തിക്കുന്ന വിവിധ കാര്യാലയങ്ങളിൽ ദീർഘകാലമായി കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ചു വരുന്നവരെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനായി സൂചന (1) ലെ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ നിർദ്ദിഷ്ഠ മാതൃകയിൽ കാര്യാലയ മേധാവികളിൽ നിന്നും അപേക്ഷ ശേഖരിച്ച് 30.8.2012 ന് മുൻപായി ഈ കാര്യാലയത്തിൽ അയച്ചു തരുവാൻ നിർദ്ദേശിക്കുന്നു.

പ്രൊപ്പോസൽ സമർപ്പിക്കുന്ന വേളയിൽ ചുവടെ പറയുന്ന പ്രമാണങ്ങൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

1) നിർദ്ദിഷ്ഠ മാതൃകയിലുള്ള അപേക്ഷ (അനുബന്ധം G.O(P) No. 501/05/Fin തീയതി 25.11.2008) അപേക്ഷയിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ചിരിക്കേണ്ടതാണ്
2) PWD അധികൃതർ സാക്ഷ്യപ്പെടുത്തിയ സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റ്.
3) PWD അധികൃതർ സാക്ഷ്യപ്പെടുത്തിയ ലൈൻ സ്കെച്ച്.

കീഴ് കാര്യാലയങ്ങളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ അനുബന്ധ രേഖകൾ ഉണ്ടെന്ന് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ പരിശോധിച്ച് ഉറപ്പാക്കിയ ശേഷം മാത്രം സാമൂഹ്യക്ഷേമ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. അപൂർണ്ണമായ അപേക്ഷകളും അനുബന്ധരേഖകൾ ഇല്ലാത്തതുമായ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഈ വിഷയത്തിൽ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ വ്യക്തിപരമായ ശ്രദ്ധ ചെലുത്തി സമയ ക്ലിപ്തത പാലിക്കേണ്ടതും പാർട്ട് ടൈം തസ്തിക നിലവിലില്ലാത്ത എല്ലാ കാര്യാലയങ്ങളിൽ നിന്നുള്ള പ്രൊപ്പോസലുകൾ എല്ലാം തന്നെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യക്ഷേമ ഡയറക്ടർക്കുവേണ്ടി

PS/